ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22.11.2026 **TIME : 12.50 PM**

പ്രധാന വാർത്തകൾ

1. കഴിഞ്ഞ വർഷം നടത്തിയ അഭ്യർത്ഥനയെ തുടർന്ന് ജനങ്ങൾ സ്വർണം വാങ്ങുന്നത് കുറച്ചതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു.

   Prime Minister Narendra Modi expresses happiness over people buying less gold following an appeal made by him last year.

2. നേപ്പാൾ പ്രധാനമന്ത്രി ബലേന്ദ്ര ഷാ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

   Nepal Prime Minister Balendra Shah to arrive in New Delhi today on a two-day visit to India.

3. അരുണാചൽ പ്രദേശിൽ സമാധാനവും സുരക്ഷയും നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സുരക്ഷാ ഏജൻസികൾ തമ്മിൽ മികച്ച ഏകോപനം ആവശ്യമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah stresses need for better coordination between Central and State security agencies to maintain peace and security in Arunachal Pradesh.

4. കേരളത്തിൽ അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള പൾസ് പോളിയോ പ്രതിരോധ തുള്ളിമരുന്ന് വിതരണം പുരോഗമിക്കുന്നു.

   Pulse Polio immunisation drive for children below five years begin in Keralam.

5. 57-ാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയിൽ 'Films from BRICS' വിഭാഗം പ്രദർശനം ഇന്ന്.

'Films from BRICS' section to open at IFFI in Goa today with screening of Nitesh Tiwari-directed Hindi movie 'Ramayana'.

6. ലോക വനിതാ സ്നൂക്കർ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ അനുപമ രാമചന്ദ്രന് തുടർച്ചയായ രണ്ടാം കിരീടം.

Anupama Ramachandran clinches her second consecutive world title at IBSF World Women's Snooker Championship.

&&&&&&&&&&&&&&&&&&

PM – GOLD (INTRO)

കഴിഞ്ഞ വർഷം നടത്തിയ അഭ്യർത്ഥനയെ തുടർന്ന് ജനങ്ങൾ സ്വർണം വാങ്ങുന്നത് കുറച്ചതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. സ്വർണ വില കുറയുന്നതിനും ഉപഭോക്താക്കൾക്ക് പണം മിച്ചം പിടിക്കുന്നതിനും ഇത് സഹായിച്ചതായി അദ്ദേഹം പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് അസംസ്കൃത എണ്ണവില ഉയരുകയും രാജ്യത്തിന്റെ വിദേശനാണ്യ ശേഖരത്തിൽ സമ്മർദം അനുഭവപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് സ്വർണം വാങ്ങുന്നത് ഒഴിവാക്കണമെന്ന് പ്രധാനമന്ത്രി രാജ്യത്തോട് അഭ്യർഥിച്ചത്.

(വോയ്സ്)

&&&&&&&&&&&&&&&&&&

NEPAL PM – INDIA VISIT

നേപ്പാൾ പ്രധാനമന്ത്രി ബലേന്ദ്ര ഷാ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഈ വർഷം മാർച്ചിൽ അധികാരമേറ്റശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണിത്. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി അദ്ദേഹം ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. നാളെ രാഷ്ട്രപതി ദ്രൗപദി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും അദ്ദേഹം ചർച്ച നടത്തും. വിവിധ മേഖലകളിലെ ധാരണാപത്രങ്ങളും കൈമാറും.

&&&&&&&&&&&&&&&&&&&&

AMIT SHAH-ARUNACHAL PRADESH

അരുണാചൽ പ്രദേശിൽ സമാധാനവും സുരക്ഷയും നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സുരക്ഷാ ഏജൻസികൾ തമ്മിൽ മികച്ച ഏകോപനം ആവശ്യമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. വടക്കുകിഴക്കൻ സംസ്ഥാനമായ അരുണാചൽ പ്രദേശിലെ ക്രമസമാധാനം, ആഭ്യന്തര സുരക്ഷ, അതിർത്തി പരിപാലനം, വികസനം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി നടന്ന ഉന്നതതല അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. പ്രാദേശിക രഹസ്യാന്വേഷണ ശൃംഖല ശക്തിപ്പെടുത്തണമെന്നും, അതീവ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ നിരന്തര നിരീക്ഷണം ഉറപ്പാക്കണമെന്നും കേന്ദ്ര മന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&

INDIA-CANADA CEPA

ഇന്ത്യ-കാനഡ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറുമായി ബന്ധപ്പെട്ട ആറാം വട്ട ചർച്ചകൾ ന്യൂഡൽഹിയിൽ പൂർത്തിയായി. ഇന്ത്യൻ സംഘത്തിന് ഡോ.ബ്രിജ് മോഹൻ മിശ്ര നേതൃത്വം നൽകി. ചരക്ക്-സേവന വാണിജ്യം, നിക്ഷേപ പ്രോത്സാഹനം അടക്കമുള്ള വിഷയങ്ങൾ ഇരു വിഭാഗവും ചർച്ച ചെയ്തു. ഇരു രാജ്യങ്ങൾക്കുമിടയിലെ സാമ്പത്തിക സഹകരണം മെച്ചപ്പെടുത്താനും,വിതരണ ശൃംഖലകൾ വൈവിധ്യ വത്കരിക്കാനും കരാർ ഉപകരിക്കുമെന്ന് മന്ത്രാലയം പ്രതീക്ഷ പ്രകടിപ്പിച്ചു

&&&&&&&&&&&&&&&&&&&&

NETHERLANDS FM VISIT

നെതർലാൻഡ്സ് വിദേശകാര്യമന്ത്രി ടോം ബെറെൻഡ്സെൻ രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് എന്നിവരുമായി അദ്ദേഹം ചർച്ചകൾ നടത്തും. ഇരുരാജ്യങ്ങളും

തമ്മിലുള്ള രാഷ്ട്രീയ, സാമ്പത്തിക, വാണിജ്യ, സാങ്കേതിക മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായിയാണ് സന്ദർശനം.

&&&&&&&&&&&&&&&&&&&&

GUJARAT– MANSUKH MANDAVIYA

'സൺഡേ ഓൺ സൈക്കിൾ' പരിപാടിയുടെ 99-ാം പതിപ്പ് കേന്ദ്ര യുവജനകാര്യ മന്ത്രി മൻസുഖ് മാണ്ഡവ്യയും ഗുജറാത്ത് ഉപമുഖ്യമന്ത്രി ഹർഷ് സാംഗ്വിയും ചേർന്ന് ഗാന്ധിനഗറിൽ ഫ്ലാഗ് ഓഫ് ചെയ്തു. സൈക്ലിംഗ് സമ്പൂർണ്ണ വ്യായാമമാണെന്നും ഗതാഗതക്കുരുക്ക്, മലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾക്കുള്ള പരിഹാരമാണെന്നും ശ്രീ മാണ്ഡവ്യ പറഞ്ഞു. രാജ്യത്തുടനീളം 26,000 കേന്ദ്രങ്ങളിലായി സംഘടിപ്പിച്ച പരിപാടിയുടെ നൂറാം പതിപ്പ് ഈ മാസം 29 ന് നടക്കും.

&&&&&&&&&&&&&&&&&&&&

RAJNATH – NCC DAY

എൻ.സി.സി. ദിനത്തോടനുബന്ധിച്ച്, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് എൻ.സി.സി. കേഡറ്റുകൾക്കും ജീവനക്കാർക്കും ആശംസകൾ നേർന്നു. നേതൃപാടവം, വ്യക്തിത്വ വികസനം, രാജ്യത്തോടുള്ള ഉത്തരവാദിത്തബോധം എന്നിവ പകർന്നു നൽകി യുവജനങ്ങളെ ശാക്തീകരിക്കുന്നതിൽ എൻ.സി.സി. സുപ്രധാന പങ്ക് വഹിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&

REV: PREZ VP PM KOTA ACCIDENT

രാജസ്ഥാനിലെ കോട്ടയിൽ ഉണ്ടായ റോഡ് അപകടത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ. മരിച്ചവരുടെ കുടുംബാഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ സഹായ

നിധിയിൽ നിന്ന് രണ്ടു ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും.

&&&&&&&&&&&&&&&&&&&&

PM – MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 29 ന്. പരിപാടിയുടെ 140-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും MyGov ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ ഈ മാസം 27 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&&&

PRESIDENT – KERALA VISIT

രാഷ്ട്രപതി ദ്രൗപദി മുർമു വെള്ളിയാഴ്ച കേരളത്തിലെത്തും. 27 ന് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. 28 ന് കണ്ണൂർ ഏഴിമലയിലെ ഇന്ത്യൻ നാവിക അക്കാദമിയിൽ കേഡറ്റുകളുടെ പാസ്സിംഗ് ഔട്ട് പരേഡ് രാഷ്ട്രപതി വീക്ഷിക്കും. വിവിധ കോഴ്സുകൾ പൂർത്തിയാക്കിയ 400-ലധികം ഓഫീസർ ട്രെയിനികൾ പരേഡിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

PULSE POLIO

കേരളത്തിൽ അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള പൾസ് പോളിയോ പ്രതിരോധ തുള്ളിമരുന്ന് വിതരണം പുരോഗമിക്കുന്നു. വൈകിട്ട് അഞ്ചു മണി വരെയാണ് വിതരണം. റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിലെ ട്രാൻസിറ്റ് ബൂത്തുകൾ രാത്രി എട്ടു വരെ പ്രവർത്തിക്കും. അതിഥിത്തൊഴിലാളികളുടെ താമസസ്ഥലങ്ങൾ, ക്യാമ്പുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി മൊബൈൽ യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

IFFI – BRICS FILMS (INTRO)

ഗോവയിൽ നടക്കുന്ന 57-ാമത് രാജ്യാന്തര ചലച്ചിത്രമേളയിൽ വൻ പ്രേക്ഷക പങ്കാളിത്തം. ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള ചലച്ചിത്രങ്ങളുടെ പ്രദർശനത്തിന് ഇന്ന് തുടക്കമാകും. ബ്രിക്സ് കൂട്ടായ്മയുടെ അധ്യക്ഷസ്ഥാനം ഇന്ത്യ വഹിക്കുന്നതിന്റെ ഭാഗമായാണ് ഈ വിഭാഗം ഒരുക്കിയിരിക്കുന്നത്.

ഒരു റിപ്പോർട്ട്..... (വോയ്സ്)

IFFI – BRICS FILMS (VOICE)

നിതേഷ് തിവാരി സംവിധാനം ചെയ്ത ഹിന്ദി ചിത്രം 'രാമായൺ: റൈസ് ഓഫ് എ ലെജൻഡ്' ഒന്നാം ഭാഗമാണ് Films from BRICS വിഭാഗത്തിലെ ഉദ്ഘാടന ചിത്രം. ബ്രിക്സ് അംഗരാജ്യങ്ങൾ തമ്മിൽ സിനിമകളുടെ സഹ-നിർമ്മാണത്തിനുള്ള സാധ്യതകൾ ലക്ഷ്യമിട്ടുള്ള സമ്മേളനവും നടന്നു. അതിരുകൾ ഭേദിക്കാനും ബ്രിക്സ് അംഗരാജ്യങ്ങളിലെ ജനങ്ങൾ തമ്മിൽ ദീർഘകാല ബന്ധങ്ങൾ വളർത്താനും സിനിമയ്ക്ക് കഴിയുമെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അഡീഷണൽ സെക്രട്ടറി ശ്രീ പ്രഭാത് പറഞ്ഞു. ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

&&&&&&&&&&&&&&&&&&&&

WORLD SNOOKER

IBSF ലോക വനിതാ സ്നൂക്കർ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ അനുപമ രാമചന്ദ്രന് തുടർച്ചയായ രണ്ടാം കിരീടം. മധ്യപ്രദേശിലെ ഇൻഡോറിൽ നടന്ന ഫൈനലിൽ ഹോങ്കോങ്ങിന്റെ സോ മാൻ യാനെ 3-1ന് പരാജയപ്പെടുത്തിയാണ് നേട്ടം. കഴിഞ്ഞ വർഷം ലോക ചാമ്പ്യനായതോടെ ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ വനിതയായി അനുപമ മാറിയിരുന്നു.

&&&&&&&&&&&&&&&&&&&&

FAIRNESS CREAMS – K. MURALEEDHARAN

കേരളത്തിൽ ഫെയർനെസ് ക്രീമുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. കൃത്യമായ പരിശോധന നടത്തിയ ശേഷം മാത്രം ക്രീമുകൾ വാങ്ങണമെന്നും അംഗീകൃത ക്രീമുകളാണ് ഉപയോഗിക്കേണ്ടതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

E M RADHA – OBIT

എഴുത്തുകാരിയും സാമൂഹ്യ-സാംസ്കാരിക പ്രവർത്തകയുമായ E M രാധ അന്തരിച്ചു. 70 വയസ്സായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. മുൻ മുഖ്യമന്ത്രി ഇ എം എസ് നമ്പൂതിരിപ്പാടിന്റെയും ആര്യാ അന്തർജനത്തിന്റെയും മകളാണ്.

&&&&&&&&&&&&&&&&&&&&

SABARIMALA (INTRO)

ശബരിമലയും പരിസരവും പ്ലാസ്റ്റിക് മുക്തമാക്കാനുള്ള പദ്ധതിയൊരുക്കി വനംവകുപ്പ്. പ്ലാസ്റ്റിക് രഹിത ഇരുമുടിക്കെട്ട് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പേപ്പർ പാക്കറ്റുകളുടെ വിതരണം ആരംഭിച്ചു.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ തയാറാക്കിയ റിപ്പോർട്ട് ..... (വോയ്സ്)

&&&&&&&&&&&&&&&&&&&&

GOLD PRICE

സ്വർണ വിലയിൽ മാറ്റമില്ല. പവന് 91,720 രൂപയും ഗ്രാമിന് 11,465 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&

IND – NZ – CRICKET TEST

വെല്ലിംഗ്ടണിൽ നടക്കുന്ന ഇന്ത്യ-ന്യൂസിലൻഡ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ നാലാം ദിനം കളി അവസാനിക്കുമ്പോൾ ന്യൂസിലൻഡ് രണ്ടാം ഇന്നിംഗ്സിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 119 റൺസ് എന്ന നിലയിൽ. നേരത്തെ ന്യൂസിലൻഡിന്റെ ഒന്നാം ഇന്നിംഗ്സ്

സ്കോറായ 368 റണ്ണിനെതിരെ ഇന്ത്യ 9 വിക്കറ്റ് നഷ്ടത്തിൽ 720 റണ്ണെടുത്ത് ഡിക്ലയർ ചെയ്യുകയും 352 റണ്ണിൻറെ കൂറ്റൻ ലീഡ് നേടുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

NIYAMASABHA

മാതൃകാ നിയമസഭയിൽ പങ്കെടുക്കാൻ വിദ്യാർഥികൾക്ക് അവസരം. കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സാഹിത്യോത്സവത്തിന്റെ അഞ്ചാം പതിപ്പിനോടനുബന്ധിച്ചാണ് പരിപാടി. ജനുവരി എട്ടിന് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിലാണ് മാതൃകാ നിയമസഭ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&